പരിശുദ്ധാത്മാവിനെസ്സംബന്ധിച്ചും, ആത്മ വരങ്ങളെ സ്സംബന്ധിച്ചും പല ക്രിസ്തീയ വിഭാഗങ്ങളും പലതരത്തിലാണ് പഠിപ്പിക്കുന്നത്. ഓരോ തരത്തിലുള്ള ചിന്താഗതിയും ഓരോ വേദഭാഗങ്ങളെ വേറിട്ടു കണ്ടുകൊണ്ടാണ് ഉയർന്നുവന്നിട്ടുള്ളത്. വേദ വിഷയങ്ങൾ പഠിക്കുന്നതിൽ സത്യ വേദപുസ്തകമല്ലാതെ വേറൊരു ആധാരം നമുക്കില്ല. ഈ വിഷയത്തെക്കുറിച്ച് സത്യ വേദ പുസ്തകം എന്താണു പഠിപ്പിക്കുന്നതെന്ന് എല്ലാ ഭാഗങ്ങളും ഒത്തുനോക്കി വിശകലനം ചെയ്യുകയാണ്, ഈ പുസ്തകത്തിൽ ബ്രദർ മൈക്ക് ബുൾ ഉദ്യമിച്ചിരിക്കുന്നത്. ഇതിന്റെ വിവർത്തന ത്തിൽ സഹായിച്ച ശ്രീ. ലിജു ജോർജ്ജിനോടും പ്രിന്റിങ്ങിൽ സഹായിച്ച Printland Publishers നോടും നന്ദി അറിയിക്കുന്നു.

എന്ന് ക്രിസ്തുവിൽ സഹോദരൻ
**മാത്യൂസ് പള്ളിവാതുക്കൽ,**
**ഡോറിയാ ഹോം,**
**മൊയ്നാബാദ്, ഹൈദരാബാദ്.**

**Local Address**

↓



# പരിശുദ്ധാത്മാവ് വ്യക്തിയോ ശക്തിയോ?

**മൈക്ക് ബുൾ**

# The Holy Spirit Power or Person?

**Mike Bull**

**മലയാള വിവർത്തനം**

മാത്യുസ് പള്ളിവാതുക്കൽ

## A

## Christadelphian

## Publication

***Printed at***
**Printland Publishers**
Hyderabad 500 001

**The Christadelphians**
GPO. Box 159
Hyderabad AP 500 001
India



# പരിശുദ്ധാത്മാവ് വ്യക്തിയോ ശക്തിയോ?

**മൈക്ക് ബുൾ**

സത്യ വേദ പുസ്തകം വായിക്കുകയും ക്രിസ്തീയ പ്രസംഗ ങ്ങൾ കേൾക്കുകയും ചെയ്തിട്ടുള്ള അനേകമാളുകൾക്ക് ചിന്താ ക്കുഴപ്പം ഉണ്ടാക്കിയിട്ടുള്ള ഒരു വിഷയമാണ് "പരിശുദ്ധാത്മാവ്". ഈ പരിശുദ്ധാത്മാവ് ആരാണ്, അല്ലെങ്കിൽ എന്താണ് ദൈവമാണോ അല്ലെങ്കിൽ ദൈവത്തിന്റെ ഒരു ഭാഗമാണോ ഇതിന്റെ യാഥാർത്ഥ്യം എന്താണ്?.

ഈ വിഷയത്തെക്കുറിച്ചുള്ള ഏക ആധികാരിക ഉറവിടം സത്യ വേദ പുസ്തകം ആയതിനാൽ (വിശുദ്ധ ബൈബിൾ) മേൽപറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുവാൻ ബൈബിൾ തന്നെ പരി ശോധിക്കണം.

## മറഞ്ഞിരിക്കുന്ന സത്യമല്ല

പരിശുദ്ധാത്മാവിനെക്കുറിച്ചു ചോദിക്കുമ്പോൾ പല ക്രിസ്തീയ പണ്ഡിതന്മാരും 'ഇത് ഒരു വലിയ മർമ്മം ആണ് ഇതിന്റെ വിശദാംശങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടതില്ല' എന്നാണ് മറു പടി പറയുന്നത്. ബൈബിളിലെ പലകാര്യങ്ങളും വിശ്വാസികൾ ചോദ്യം ചെയ്യാതെ വിശ്വാസത്തിൽ സ്വീകരിക്കേണ്ടതാണെന്നും അവർ ഓർമ്മിപ്പിക്കും.

ഇത് വെറുമൊരു ഒഴികഴിവ് മാത്രമാണ്. ദൈവീക മർമ്മങ്ങൾ ദൈവം യേശു ക്രിസ്തുവിൽക്കൂടി വെളിപ്പെടുത്തികഴിഞ്ഞു എന്ന് ബൈബിൾ സാക്ഷിക്കുന്നത് കണക്കാക്കാതെ ഉള്ളതാണ്, ഇത്തരം വാക്കുകൾ. "അവനിൽ താൻ മുൻ നിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം തന്റെഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു". (എഫേസ്യർ 1:9)

"പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ട് ഇപ്പോൾ വെളിപ്പെട്ടുവന്നതും നിത്യ ദൈവത്തിന്റെ നിയോഗപ്രകാരം സകല ജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിനായി പ്രവാചകന്മാരുടെ എഴുത്തുകളാൽ അറിയിച്ചിരിക്കുന്നതുമായ മർമ്മത്തിന്റെ വെളിപ്പാടിന്നു അനുസരണമായുള്ള എന്റെ സുവിശേഷത്തിന്നും, യേശു ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിനും ഒത്തവണ്ണം നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിയുന്ന ഏക ജ്ഞാനിയായ ദൈവത്തിന്നു യേശു ക്രിസ്തു മുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ ആമേൻ".(റോമർ 16:24–26)

അതു പുർവ്വകാലങ്ങൾക്കും തലമുറകൾക്കും മറെഞ്ഞുകിടന്ന മർമ്മം എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു. (കൊലോസ്സ്യ 1:26)

ക്രിസ്തീയ വിശ്വാസത്തിന്റെ മർമ്മങ്ങൾ ഒക്കെയും വെളിപ്പെട്ടു കഴിഞ്ഞു എന്നുള്ളതിന് മേൽപറഞ്ഞതു കൂടാതെ അനേക വേദ ഭാഗങ്ങൾ സാക്ഷിയായാണ്. (റോമർ 11:25, എഫേസ്യർ 3:3, 6:19, കൊലോസ്സ്യർ 4:3, 1 കൊരിന്ത്യർ 15:51)

ഇപ്പോൾ വേദപുസ്തകത്തിന്റെ അടിസ്ഥാന ഉപദേശങ്ങളിൽ രഹസ്യമായിട്ട് ഒന്നും ഇല്ലാ എന്ന് ബൈബിളിൽ തന്നെ പറയുന്നുണ്ട്. പരിശുദ്ധാത്മാവിനെ സംബന്ധിച്ച സത്യവും ബൈബിളിൽ നിന്ന് നമുക്ക് പഠിക്കുവാൻ സാധിക്കും. യേശു ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ആരുംതന്നെ "ഇത് രഹസ്യ മർമ്മം ആണ് അത് വിശകലനം ചെയ്യാൻ ശ്രമിക്കേണ്ട" എന്നു പറഞ്ഞിട്ടില്ല. നേരെമറിച്ച് തിരുവെഴുത്തുകളിൽ തന്നെ തങ്ങളുടെ കേൾവിക്കാർക്ക് തക്കതായ വിശദീകരണം കൊടുക്കുവാൻ ചിലപ്പോൾ ഒക്കെ അനേകം കഷ്ടങ്ങളും സഹിച്ചിട്ടുണ്ട്".



## ദൈവാത്മാവ്

സത്യവേദ പുസ്തകം ആത്മാവ് എന്ന വാക്ക് മിക്കപ്പോഴും ദൈവത്തിന്റെ ആത്മാവ് എന്ന അർത്ഥത്തിൽ ആണ് പ്രയോഗിച്ചിട്ടുള്ളത്. വേദപുസ്തകത്തിന്റെ തുടക്കത്തിൽതന്നെ, സൃഷ്ടിക്ക് മുൻപ് "ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പരിവർത്തിച്ചു കൊണ്ടിരുന്നു" എന്ന് ഉല്പത്തി 1:2 ൽ കാണുന്നു. ഇവിടെ ആത്മാവ് എന്നത് ദൈവത്തിന്റെ ആത്മാവ് ആണ്. ദൈവത്തിന്റെ ആത്മാവെന്നു പറയുമ്പോൾ അത് ദൈവത്തിൽ ഉള്ളതാണ്. ബൈബിളിൽ അനേക പ്രാവശ്യം കർത്താവിന്റെ ആത്മാവെന്ന ശൈലി ഉപയോഗിച്ചിട്ടുണ്ട്. (ഉദാ: യെശയ്യാവ് 11:2, 40:7,61:1 മീഖാ 3:8)

ദൈവത്തെക്കുറിച്ചുള്ള അനേക കാര്യങ്ങൾ ദൈവാത്മാവ് വെളിപ്പെടുത്തിയിട്ടുണ്ട്. ആത്മാവ് എന്നു തർജ്ജിമ ചെയ്ത (Spirit) "സ്പിരിറ്റ്" എന്ന വാക്ക് എബ്രായ ഭാഷയിൽ റൂഹാ (Ruakh) എന്നാണ്. ഈ എബ്രായ പദത്തിന്റെ അർത്ഥം ഉച്ഛ്വസിക്കുക. അതുകൊണ്ട് തന്നെ ദൈവത്തിന്റെ അത്മാവ് അവന്റെ ഉഛ്ശ്വാസം അല്ലെങ്കിൽ ശക്തിയാണ് ദൈവത്തിന്റെ മനസ്സിന്റെ ഒരു പ്രതിഭലനമാണ്. തന്റെ ആലോചനകൾ അവന്റെ പ്രവൃത്തിയിൽക്കൂടി പ്രതിഫലിക്കുന്നു. മനുഷ്യന്റെ ആത്മാവ് അവൻ എങ്ങനെയുള്ളവൻ ആണെന്ന് കാണിക്കുന്നു. നമ്മൾ ചെയ്യുവാൻ പോകുന്ന കാര്യങ്ങളെകുറിച്ചു ആദ്യമായി ആലോചിക്കുന്നു. ഉദാഹരണത്തിന് നമുക്കു വിശക്കുമ്പോൾ നമ്മുടെ ആത്മാവ് അല്ലെങ്കിൽ മനസ്സ് നമ്മുടെ ഉദരവുമായിട്ടുള്ള ബന്ധത്തിൽ വിശപ്പിനോട് പ്രതികരിക്കുകയും ഭക്ഷണത്തിനായി നാം അന്വേഷിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടുതന്നെ ആത്മാവ് എന്ന എബ്രായ പദത്തിന് ശ്വാസം, മനസ്സ്, ശക്തി എന്നിങ്ങനെ അനേകം അർത്ഥങ്ങളുണ്ട്. നമ്മുടെ ആത്മാവ്, നമ്മുടെ ആലോചന നമ്മുടെ പ്രവൃത്തി എന്നിവയിലേക്ക് വെളിച്ചം വീശുന്നു.

ദൈവത്തിന്റെ ആത്മാവ് എന്നു പറയുമ്പോൾ മേൽപറഞ്ഞ അതേ കാര്യം കുറേക്കൂടി വിപുലമായ രീതിയിൽ ചിന്തിക്കുന്നതാണ്

തന്റെ ആത്മാവ് അല്ലെങ്കിൽ ശക്തി ദൈവത്തിന്റെ അസ്ഥിത്വത്തെയും അവിടുത്തെ സ്വഭാവത്തെയും തന്റെ ഉദ്ദേശത്തെയും പ്രതിഫലിപ്പിക്കുന്നതാണ്. ദൈവം ആലോചിക്കുന്ന കാര്യങ്ങൾ അതേപ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു. "സൈന്യങ്ങളുടെ യഹോവ ആണയിട്ട് അരുളിച്ചെയ്യുന്നത് ഞാൻ വിചാരിച്ചതുപോലെ സംഭവിക്കും, ഞാൻ നിർണ്ണയിച്ചതുപോലെ നിവർത്തിയാകും" (യെശയ്യാവ് 14:24)

## ദൈവത്തിന്റെ അപാരമായ ശക്തി

ദൈവം സർവ്വ ശക്തനാണ് അവിടുന്ന് ഈ ലോകത്തിന്റെ സൃഷ്ടാവാണ്. നൂറ്റാണ്ടുകളിലൂടെ ആരാധിക്കപ്പെട്ടിരുന്ന അനേക ദേവന്മാരുണ്ടെങ്കിലും സത്യവേദ പുസ്തകത്തിലൂടെ വെളിപ്പെടുന്ന ദൈവം ആണ് ഏക സത്യദൈവം.

"യഹോവയോ സത്യദൈവം; അവൻ ജീവനുള്ള ദൈവവും ശാശ്വത രാജാവും തന്നേ; അവന്റെ ക്രോധത്താൽ ഭൂമി നടുങ്ങുന്നു; ജാതികൾക്കു അവന്റെ ഉഗ്രകോപം സഹിപ്പാൻ കഴിയുകയുമില്ല. ആകാശത്തെയും ഭൂമിയെയും നിർമ്മിക്കാത്ത ദേവന്മാരോ ഭൂമിയിൽ നിന്നും ആകാശത്തിൻ കീഴിൽനിന്നും നശിച്ചുപോകും എന്നിങ്ങനെ അവരോടു പറവിൻ. അവൻ തന്റെ ശക്തിയാൽ ഭൂമിയെ സൃഷ്ടിച്ചു, തന്റെ ജ്ഞാനത്താൽ ഭൂമണ്ഡലങ്ങളെ സ്ഥാപിച്ചു, തന്റെ വിവേകത്താൽ ആകശത്തെ വിരിച്ചു."(യിരമ്യവ് 10:10,12)

ദൈവം ഈ ലോകത്തെയും അതിലുള്ള സകലത്തേയും സൃഷ്ടിക്കുവാൻ തന്റെ ശക്തി ആദിമുതൽ ഉപയോഗിച്ചു. മനുഷ്യരെയും സകല ചരാചരങ്ങളേയും സൃഷ്ടിച്ച അതേ ശക്തി പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കുവാൻ ഇപ്പോഴും ദൈവം ഉപയോഗിക്കുന്നു. "ഞാൻ ഭൂമിയേയും ഭൂതലത്തേ മനുഷ്യനെയും മൃഗങ്ങളെയും എന്റെ മഹാശക്തികൊണ്ടും നീട്ടിയ ഭൂജംകൊണ്ടും ഉണ്ടാക്കിയിരിക്കുന്നു; എനിക്ക് ബോധിച്ചവനു ഞാൻ അതു കൊടുക്കും" (യിരമ്യവ് 27:5)



പ്രകൃത്യാ തന്നെ ദൈവം ശക്തിയുള്ളവൻ ആകയാൽ തന്റെ ആത്മാവ് ശക്തിയുള്ളതാണ് മനുഷ്യരായ നാം പരിമിതമായ രീതിയിൽ ശക്തിയുള്ളവർ ആണ് അതുകൊണ്ട് നാം ഉദേശിക്കുന്ന ചില കാര്യങ്ങൾ മാത്രമേ നമുക്കു ചെയ്യുവാൻ സാധിക്കുകയുള്ളു നമുക്കില്ലാത്ത ഒരു പ്രത്യേകത ദൈവത്തിനുള്ളത് മനുഷ്യർക്ക് തന്റെ ശക്തി കൊടുക്കുവാൻ ദൈവത്തിന് കഴിയും എന്നുള്ളതാണ്. "അവൻ ക്ഷീണിച്ചിരിക്കുന്നവനു ശക്തി നല്കുന്നു, ബലമില്ലാത്തവന്റെ ബലം വർദ്ധിപ്പിക്കുന്നു," (യശയ്യാവ് 40:29) ഈ ശക്തിയെ പലപ്പോഴും ആത്മാവ് എന്നാണ് വിളിക്കുന്നത്.

## ആത്മാവും ശക്തിയും

ദൈവാത്മാവ് അല്ലെങ്കിൽ ദൈവത്തിന്റെ ശക്തി ലഭിച്ച പ്രവാചകനെക്കുറിച്ച് ബൈബിളിൽ ഇപ്രാകാരം പറയുന്നു "എങ്കിലും ഞാൻ യാക്കോബിനോട്അവന്റെ അതിക്രമവും യിസ്രയേലിനോടു അവന്റെ പാപവും പ്രസ്താവിക്കേണ്ടതിന്നു യഹോവയുടെ ആത്മാവിനാൽ ശക്തിയും ന്യായവും വീര്യവുംകൊണ്ടു നിറഞ്ഞിരിക്കുന്നു" (മീഖാ 3:8) മീഖാ പ്രവാചകൻ ദൈവത്തിന്റെ വചനം സംസാരിച്ചതുകൊണ്ട് അവന് ആത്മാവ് ശക്തി പകർന്നു. മറ്റ് അനേകം ആളുകൾക്ക് അതിശയ പ്രവർത്തികൾക്കുള്ള ശക്തി ലഭിച്ചു ചിലർക്ക് ദൈവം അവരോടുകൂടെ ഉണ്ട് എന്നതിന് തെളിവായി അടയാളങ്ങൾ കാണിപ്പാൻ ശക്തികൊടുത്തു. എല്ലാറ്റിനും ഉപരിയായി നന്മചെയ്യുവാനുള്ള പ്രത്യേക ശക്തി, പരിശുദ്ധാത്മാവ്. യേശു ക്രിസ്തുവിന് ദൈവത്തിങ്കൽ നിന്ന് ലഭിച്ചു. "നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ട് അവൻ നന്മചെയ്തും പിശാചു ബാധിച്ചവരെയൊക്കെയും സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിച്ചതുമായ വിവരം തന്നെ നിങ്ങൾ അറിയുന്നുവല്ലോ" (അപ്പോ: പ്ര 10:38) ഈ ശക്തി ദൈവം തന്റെ പുത്രന് ദാനമായി കൊടുത്തതാണ് ഇതാണ് പരിശുദ്ധാത്മാവ്. മേൽപറഞ്ഞ വേദഭാഗം യേശു ക്രിസ്തു പരിശുദ്ധാത്മാവിനാൽ അഭിഷേകം

ചെയ്യപ്പെട്ടതിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഇതിന് മുൻപായി ഒരു ഭാഗത്ത് യേശു ക്രിസ്തുവിന് പരിശുദ്ധാത്മാവിനെ നല്കിയ സമയത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട് യേശുവിന്റെ പരസ്യ ശുശ്രൂയ്ക്ക് തൊട്ടു മുൻപായിരുന്നു ഇത് യോഹന്നാൻ സ്നാപകൻ യേശുവിനെ യോർദാൻ നദിയിൽ സ്നാനം കഴിപ്പിച്ചു. സ്നാനം കഴിഞ്ഞയുടനെ ക്രിസ്തുവിന്റെ മേൽ പരിശുദ്ധാത്മാവ് വന്നു "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദവും ഉണ്ടായി" (ലൂക്കോസ് 3:21–22)

ഈ സംഭവത്തിനു മുമ്പുതന്നെ പരിശുദ്ധാത്മ ശക്തി യേശുവിൽ പ്രവർത്തിച്ചിരുന്നു അവന്റെ ജനനത്തിന് മുമ്പ് തന്റെ അമ്മയായ മറിയയ്ക്ക് ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു, ദൈവപുത്രൻ എന്നു വിളിക്കപ്പെടേണ്ട ഒരു മകൻ തനിക്കു ജനിക്കുമെന്ന് അരുളിച്ചെയ്തു, താൻ ഒരു കന്യകയായിരിക്കെ ഇതെങ്ങനെ സംഭവിക്കുമെന്നു ചോദിച്ചപ്പോൾ "പരിശുദ്ധാത്മാവു നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കോസ് 1:35)

യേശുവിന്റെ അത്ഭുത ജനനം ദൈവത്തിന്റെ ശക്തിയാലാണു സംഭവിച്ചത് ഈ വാക്യത്തിൽ അതിനെ അത്യുന്നതന്റെ ശക്തി എന്നാണ് വിളിച്ചിരിക്കുന്നത്, അതു പരിശുദ്ധാത്മാവാണെന്ന് ആദ്യമേ പറയുകയും ചെയ്തു.

യേശു ക്രിസ്തുവിനെ പരിശുദ്ധാത്മാവിന്റെ പുത്രൻ എന്ന് ബൈബിളിൽ ഒരിടത്തും വിളിച്ചതായി കാണുന്നില്ല: എന്നാൽ മറിയ എന്ന മനുഷ്യ സ്ത്രീയിൽനിന്നു ജനിച്ചതിനാൽ മനുഷ്യ പുത്രൻ എന്നും ദൈവത്തിന്റെ ശക്തി ആ ജനനത്തിനു കാരണമായിരുന്നതിനാൽ ദൈവപുത്രൻ എന്നും വിളിക്കപ്പെട്ടു, ഇപ്രകാരം ഒരു പുത്രൻ ജനിക്കണമെന്നുള്ളത് ദൈവത്തിന്റെ ഇഷ്ടമായിരുന്നു തന്റെ ആത്മാവിനാൽ ദൈവം അതു നടപ്പിലാക്കുകയും ചെയ്തു.



## ആത്മാവെന്നാൽ എന്ത്?

നാം മുൻപു പറഞ്ഞതുപോലെ "ആത്മാവ്" എന്നത് "ശക്തി" എന്നതിനെക്കാൾ ഉപരിയായിട്ടുള്ളതാണ്. മനുഷ്യ ശ്വാസ കോശത്തിലെ വായു ആ മനുഷ്യന്റെ ഒരു ഭാഗം ആയിരിക്കുന്നതു പോലെ ആത്മാവ് ദൈവത്തിന്റെ ഒരു ഭാഗം തന്നെയാണ്.

യേശു പറഞ്ഞു: "ദൈവം ആത്മാവാകുന്നു അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും അവനെ നമസ്കരിക്കേണം" (യോഹന്നാൻ 4:24) ബൈബിളിൽ ആത്മാവ് എന്ന വാക്കിന് ദൈവത്തിന്റെ മനസ്സ് എന്നും അവിടുത്തെ വിചാരങ്ങൾ എന്നും തന്റെ വായിൽ നിന്ന് പുറപ്പെടുന്ന വചനങ്ങൾ എന്നും അർത്ഥമുണ്ട്. "യഹോവയുടെ മനസ്സു ആരാഞ്ഞറിയുകയോ അവനു മന്ത്രി ആയി അവനെ ഗ്രഹിപ്പിക്കുകയോ ചെയ്തവൻ ആർ" (റോമർ 11:34)

ദൈവത്തിന്റെ മനസ്സിനും തന്റെ വചനത്തിനും അപാരമായ ശക്തിയുണ്ട്. തന്റെ മനോവിചാരങ്ങളും വായിലെ  വാക്കുകളും തീർച്ചയായും സംഭവിച്ചിരിക്കും ആദിയിൽ ദൈവം അരുളിചെയ്തു, "വെളിച്ചം ഉണ്ടാകട്ടെ" (ഉല്പത്തി 1:13) ദൈവത്തിന്റെ കല്പന എങ്ങനെയാണ് നിവർത്തിയാകുന്നത് എന്ന് മനസ്സിലാക്കുവാൻ നമുക്കു സാധിക്കുന്നില്ലെങ്കിലും നിവർത്തിയായ കാര്യങ്ങൾ കാണുവാൻ നമുക്ക് കഴിയും.

എബ്രായ ഭാഷയിൽ ആത്മാവ് എന്നുള്ളതിന് റൂഹാ എന്നാണ് പറയുന്നത്. ശ്വാസം എന്നതിനും മനസ്സ് എന്നതിനും അതേ വാക്കു തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. തങ്ങൾ അംഗീകരിക്കാത്ത കാര്യങ്ങൾ ചെയ്തതിനാൽ തങ്ങളുടെ പുത്രനായ ഏശാവിനോട് അബ്രഹാമിന്റെ മകനായ യിസഹാക്കിനും അദ്ദേഹത്തിന്റെ ഭാര്യ റെബേക്കയ്ക്കും അനിഷ്ടമായി. (ഉല്പത്തി. 26:35) അതുപോലെ മനസ്സ് എന്ന എബ്രായ പദം ആത്മാവ് എന്നും, ശ്വാസം എന്നും കാറ്റ് എന്നും പഴയ നിയമത്തിൽ തർജ്ജിമ ചെയ്തിട്ടുണ്ട്.

വേദ പുസ്തകത്തിൽ അതുപോലെതന്നെ ദൈവം സംസാരിക്കുന്നതും ദൈവത്തിന്റെ ആത്മാവും അഭേദ്യമായ ബന്ധപ്പെട്ട വാക്കുകൾ ആണ് ദൈവം സംസാരിക്കുന്ന കാര്യങ്ങൾ അതേപോലെ തന്നെ നടപ്പിലാകും (ഉദാഹരണം) "യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി." അവൻ അരുളിചെയ്തു അങ്ങനെ സംഭവിച്ചു അവൻ കല്പിച്ചു അങ്ങനെ സ്ഥാപിതമായി ഇതിൽ ശ്വാസം എന്ന വാക്ക് ഇംഗ്ലീഷിൽ (Spirit) ആത്മാവ് എന്നാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത്. ദൈവത്തിന്റെ വചനങ്ങൾക്ക് ശക്തി ഉണ്ട് അവൻ കല്പിക്കുന്നതൊക്കേയും നിവർത്തിയാകുന്നു.

ഇതേ വാക്കുതന്നെ "കാറ്റ്," "കുളിർകാറ്റ്", "ശ്വാസം" ഇതിനോടെല്ലാം ബന്ധപ്പെട്ടതാണ്, ആദാമും ഹൗവ്വയും വെയിലാറിയപ്പോൾ യഹോവതോട്ടത്തിൽ നടക്കുന്ന ശബ്ദം കേട്ടു എന്ന് ഉല്പത്തി 3:8ൽ നാം വായിക്കുന്നു ഇവിടെ വെയിലാറിയപ്പോൾ എന്നതിന് ഇംഗ്ലീഷിൽ പറയുന്നത് "Cool" എന്നവാക്കാണ്. മൂലഭാഷ ആത്മാവ് (Spirit) എന്ന വാക്കിന് തുല്യമാണ്. ഏദൻ തോട്ടത്തിൽ കുളിർമ്മയുള്ള കാറ്റടിക്കുന്ന സമയമായിരുന്നു അത്. ദൈവത്തിന്റെ ആത്മാവ് കാറ്റിന് തുല്യമാണ്. നമുക്കത് കാണുവാൻ സാധ്യമല്ല; എന്നാൽ അതിന്റെ പ്രവൃത്തികൾ നമുക്ക് ദർശിക്കാം. മരങ്ങളിൽ കാറ്റ് അടിക്കുമ്പോൾ അതിന്റെ ഇലകൾ ചലിക്കുന്നത് നാം കാണുന്നു, എന്നാൽ കാറ്റിനെ നമുക്ക് കാണുവാൻ സാധ്യമല്ല. ഭൂമിയിൽ ദൈവം പ്രവൃത്തിക്കുന്ന കാര്യങ്ങളിൽക്കൂടി തന്റെ ശക്തി നമുക്ക് കാണുവാൻ സാധിക്കും. ആത്മാവ് എന്നവാക്കിനെ ശ്വാസം അല്ലെങ്കിൽ കാറ്റ് എന്ന് പരിഭാഷ ചെയ്തിട്ടുള്ള അനേക ഭാഗങ്ങൾ ബൈബിളിൽ നിന്നും നമുക്ക് കാണുവാൻ സാധിക്കും (ഉദ: ഉല്പത്തി 7:15, പുറപ്പാട് 10:13–19, സംഖ്യ 11:31 , 2ശമുവേൽ 22:16, 1 രാജാ 18:45, 19:1, ഇയ്യോബ് 4:9)



## പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിവിധ ഉപദേശങ്ങൾ

അനേക ക്രിസ്തീയ വിഭാഗങ്ങൾ പിതാവു പുത്രൻ പരിശുദ്ധാത്മാവ് എന്ന ത്രിത്വത്തിലെ ഒരു വ്യക്തിയാണ് പരിശുദ്ധാത്മാവ് എന്നാണ് പഠിപ്പിക്കുന്നത്. ത്രിത്വം എന്ന വാക്ക് ബൈബിളിൽ ഇല്ല ക്രിസ്തുവിനു 300 വർഷങ്ങൾക്കു ശേഷമാണ് ഈ ആശയം ക്രിസ്തീയ സഭയിൽ വന്നത്.

'ത്രിത്വം', 'പരിശുദ്ധാത്മാവാകുന്ന ദൈവം' മുതലായ ഉപദേശങ്ങൾ ബൈബിളിൽ ഇല്ലാ എന്നുവരികിലും ഈ ആശയങ്ങളെ പിന്താങ്ങുന്നുവെന്നു തോന്നിക്കുന്ന ചില ഭാഗങ്ങൾ ബൈബിളിൽ കാണാം അപ്രകാരമുള്ള ചില ഭാഗങ്ങൾ നമുക്കൊന്നു പരിശോധിക്കാം.

### 1. "പരിശുദ്ധ ആവി"

"കിംഗ് ജെയിംസ് വെർഷൻ" എന്ന ഇംഗ്ലീഷ് പരിഭാഷയിൽ പരിശുദ്ധാത്മാവിനെ ചിലയിടങ്ങളിൽ 'വിശുദ്ധ ആവി' (Holy Ghost) എന്നാണ് വിളിക്കുന്നത്. ഗോസ്റ്റ് ഒരു വ്യക്തിയായിരിക്കണമല്ലോ? യഥാർത്ഥത്തിൽ ഇത് പഴയ ഇംഗ്ലീഷ് ഭാഷയാണ് ആധുനിക ബൈബിൾ പരിഭാഷയിൽ ഇതുകാണാനില്ല.

### 2. സ്പിരിറ്റ് എന്നതിന്റെ "S" വലിയ അക്ഷരം

സ്പിരിറ്റ് (ആത്മാവ്) എന്ന വാക്കിന്റെ ആദ്യ അക്ഷരം ഒരു വ്യക്തിയുടെ പേരിനുള്ളതുപോലെ വലിയ അക്ഷരം ചേർത്തിരിക്കുന്നത് മറ്റൊരു ചിന്താക്കുഴപ്പത്തിനു കാരണമാണ്. എന്നാൽ ത്രിത്വാശയത്തിൽ വിശ്വസിക്കുന്നവർ പരിഭാഷ നടത്തുമ്പോൾ സ്വാഭാവികമായും അവരുടെ വിശ്വാസം പ്രതിഭലിക്കുമല്ലോ. മൂലഭാഷയിൽ അത്തരം വ്യത്യാസങ്ങളില്ല.

### 3. 'അവൻ' എന്ന സംബോധന

പരിശുദ്ധാത്മാവിനെ വ്യക്തിയായിക്കാണുന്നതിനുള്ള വേറൊരു കാരണം പഴയ പരിഭാഷകളിൽ 'അത്' എന്നു സംബോധന ചെയ്തി

രുന്നിടത്തെല്ലാം പുതിയ പരിഭാഷകളിൽ 'അവൻ' എന്നു മാറ്റം വരുത്തിയിട്ടുള്ളതാണ്. ആത്മാവ് എന്നുള്ളതിന്റെ ഇംഗ്ലീഷ് വാക്കായ 'Spirit' എന്നതിന് വലിയക്ഷരത്തിൽ 'S' എന്നുള്ളത് മൂലഭാഷയിൽ ഇല്ലാത്ത ഒരു പ്രത്യേകതയാണ്.

ഇംഗ്ലീഷിൽ 'അവൻ' എന്ന് ഉപയോഗിച്ചിരിക്കുന്നിടത്ത് മൂലഭാഷയിൽ ഒരു വ്യക്തിയെ കുറിക്കുന്നതിനായിരിക്കണം എന്നില്ല 'അത്' എന്നുള്ളതിനും ഗ്രീക്കിൽ അതേവാക്കാണ് ഉപയോഗിക്കുന്നത് ദൈവാത്മാവിനെക്കുറിച്ച് നാം എങ്ങനെ ചിന്തിക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചാണ് 'അവൻ' എന്നോ 'അത്' എന്നോ പരിഭാഷയിൽ എഴുതുന്നത്.

4. ആത്മാവിനെ ദുഖിപ്പിക്കുക

ദൈവവും തന്റെ ആത്മാവും വ്യത്യസ്ഥ വ്യക്തികളാണെന്നു ധരിക്കാവുന്ന ഒരു ഭാഗം ബൈബിളിലുണ്ട്. പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത് എന്നുള്ള വാക്കാണത്. ഒരു വ്യക്തിയല്ലെങ്കിൽ ദുഃഖിക്കുവാൻ സാദ്ധ്യമാണോ?

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട് പരിശുദ്ധാത്മാവെന്നല്ല, മറിച്ച് "ദൈവത്തിന്റെ പരിശുദ്ധാത്മാവെന്നാണ് ആ ഭാഗത്തെഴുതിയിരിക്കുന്നത്" (എഫേസ്യ 4:30) ഇത് തികച്ചും സ്വാഭാവികമായ ഒരു ബൈബിൾ ശൈലിയാണ് സമാനമായ വേറൊരു ഭാഗം നോക്കുക ദാനിയേലെന്ന ഞാനോ എന്റെ ഉള്ളിൽ എന്റെ മനസ്സു വ്യസനിച്ചു (I Daniel was Grievid in my spirit) (ദാനിയേൽ7:15)

ദാനിയേലും തന്റെ ആത്മാവും വെവ്വേറെ വ്യക്തികളായിരുന്നില്ല. ദാനിയേലിന്റെ ഹൃദയത്തിൽ താൻ വ്യസനിച്ചു എന്നു മാത്രമേ ഇതിനർത്ഥമുള്ളു ദൈവം തന്റെ ആത്മാവിൽ വ്യസനിച്ചു (ദുഃഖിച്ചു) എന്നുള്ള വാക്യം ഇതുപോലെ തന്നെ.



**5. എഫേസ്യയിലെ മൂപ്പന്മാർ**

പൗലോസിന്റെ മിഷനറി യാത്രകൾക്കിടയിൽ ക്രിസ്തീയ വിശ്വാസികളുടെ പുതിയ സംഘങ്ങൾ സ്ഥാപിക്കുവാൻ അദ്ദേഹം വളരെയധികം സഹായിച്ചിട്ടുണ്ട്, ഇപ്രകാരമുള്ള ഓരോ കൂട്ടങ്ങളുടെയും ചുമതല വഹിക്കുന്നതിനും ശുശ്രുഷ ചെയ്യുന്നതിനുമായി അതാതിടങ്ങളിൽ മൂപ്പന്മാരേയും നിയമിച്ചിരുന്നു. ഇങ്ങനെയുള്ള ഒരു കൂട്ടത്തോട് പൗലോസ് സംസാരിക്കുന്നത് ഇപ്രകാരമാണ്. "നിങ്ങളെ തന്നേയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനേയും സൂക്ഷിച്ചു കൊൾവിൻ" (അപ്പോ: പ്ര.20:28)

ഈ മൂപ്പന്മാരെ ഒരു വ്യക്തിയായ പരിശുദ്ധാത്മാവാണോ നിയമിച്ചത് അഥവാ പരിശുദ്ധാത്മാവെന്ന ദൈവശക്തിയാണോ അവിടെ പ്രവൃത്തിച്ചത്? ഇതിന്റെ മറുപടിക്കായി ബൈബിളിലേക്ക് തന്നെ തിരിയാം "അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കുകയും വിശ്വസിച്ചും പ്രാർത്ഥിച്ചുംകൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേൽപ്പിക്കുകയും ചെയ്തു". (അപ്പോ: പ്ര. 14:23)

പരിശുദ്ധാത്മ പ്രേരണയാൽ പൗലോസ് തന്നെയാണ് അവരെ നിയമിച്ചത് ഇതേ പൗലോസ് തന്നെ തീത്തോസിന് എഴുതുമ്പോൾ "ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചു പോന്നത് ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കുന്നതിനും ഞാൻ നിന്നോട് ആജ്ഞാപിച്ചതുപോലെ പട്ടണംതോറും മൂപ്പന്മാരെ ആക്കിവെക്കേണ്ടതിനുംതന്നെ" (തിത്തോസ് 1:5)

മേൽ പറഞ്ഞതിൽനിന്നും പരിശുദ്ധാത്മാവ് ഒരു വ്യക്തിയായി ഇതുചെയ്യുകയല്ലായിരുന്നു എന്നും മറിച്ച് പരിശുദ്ധാത്മ നിയോഗത്താൽ തന്റെ അപ്പോസ്തലന്മാരും മുപ്പന്മാരും ആണ് ഇത് ചെയ്തത് എന്നും വ്യക്തമാണ്.

പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ് എന്നു തോന്നിപ്പിക്കുന്ന വേറൊരുഭാഗം പരിശോധിക്കാം, പൗലോസ് അപ്പോസ്തലൻ അറസ്റ്റ് ചെയ്യപ്പെടും എന്ന് പ്രവചനം ഉണ്ടായ സന്ദർഭം ഒന്ന് വായിച്ചു നോക്കു. "ഞങ്ങൾ അവിടെ വളരെ ദിവസം പാർത്തിരിക്കുമ്പോൾ അഗബോസ് എന്ന ഒരു പ്രവാചകൻ യഹൂദ്യയിൽനിന്നും വന്നു, അവൻ ഞങ്ങളുടെ അടുക്കൽ വന്ന് പൗലോസിന്റെ അരക്കച്ച എടുത്തു തന്റെ കൈകാലുകളെ കെട്ടി: ഈ അരക്കച്ചയുടെ ഉടമസ്ഥനെ യഹൂദന്മാർ യരുശലേമിൽ ഇങ്ങനെ കെട്ടി ജാതികളുടെ കൈയ്യിലേല്പിക്കും എന്നു പരിശുദ്ധാത്മാവ് പറയുന്നു എന്ന് പറഞ്ഞു". (അപ്പ: പ്ര 21:10–11)

ഈ പ്രവചനം നടത്തിയത് ഒരു വ്യക്തിയായ പരിശുദ്ധാത്മാവാണോ ദൈവത്തിന്റെ ശക്തിയായ പരിശുദ്ധാത്മാവ് ഇതു പറയുവാനുള്ള ജ്ഞാനം പ്രവാചകനു കൊടുത്തതാണോ?

### 6. "ദൈവം അയച്ചത്"

പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്നു അയയ്ക്കപ്പെട്ടെതെന്ന രീതിയിൽ ബൈബിളിൽ കാണിച്ചിട്ടുണ്ട്. പ്രവാചകന്മാർ തങ്ങളുടെ സ്വന്തവാക്കുകൾ ഉപയോഗിച്ചില്ല എന്നതു സ്പഷ്ടം. അവർ ദൈവത്തിന്റെ വാക്കുകളാണ് സംസാരിച്ചത്. ദൈവ വചനം സംസാരിക്കുന്നതിനുള്ള ശക്തി ധാരാളമായി ലഭിക്കേണ്ടതിന് പരിശുദ്ധാത്മാവിനെ ദൈവം സ്വർഗ്ഗത്തിൽ നിന്നും അയ്ച്ചു, താഴെ പറയുന്ന വാക്യം നോക്കുക "തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്ന് അവർക്കു വെളിപ്പെട്ടു; സ്വർഗ്ഗത്തിൽ നിന്നയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോട് സുവിശേഷം അറിയിച്ചവർ അതു ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിലേക്ക് ദൈവദൂതന്മാരും കുനിഞ്ഞ് നോക്കുവാൻ ആഗ്രഹിക്കുന്നു". (1പത്രോസ് 1:12)

സുവിശേഷം വിളിച്ചറിയിക്കുന്നതിനു വേണ്ടി സ്വർഗ്ഗത്തിൽ നിന്ന് പരിശുദ്ധാത്മാവിനെ ദൈവം പ്രവാചകന്മാരിലേക്ക് അയച്ചു യേശുക്രിസ്തുവിനെ സംബന്ധിച്ചും ഇതുതന്നയാണ് സംഭവിച്ചത്. യേശു തന്നെക്കുറിച്ചു തന്നെ പറയുന്നത് നോക്കുക "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ടു" (ലൂക്കോസ് 4:18) യേശുവിന്റെ ആത്മാവ് ഒരു വ്യക്തിയായിരുന്നില്ലാ എന്നാൽ മറിച്ച് നന്മ ചെയ്യുന്നതിനും തന്റെ ഉദ്ദേശം നിർവ്വഹിക്കുന്നതിനും ദൈവം അയച്ച തന്റെ വരമായിരുന്നു.



ദൈവമാണ് തന്റെ പരിശുദ്ധാത്മാവിനെ അയക്കുന്നത്. എന്തെങ്കിലും സമ്മാനമായി കൊടുത്തുവിടുന്നവർ ആ സമ്മാനത്തേക്കാൾ ഉന്നതാരാണല്ലോ. ദൈവം ആണ് തന്റെ ആത്മാവിനെ നിയന്ത്രിക്കുന്നത് താൻ തിരഞ്ഞെടുക്കുന്നവർക്ക് അത് ദാനമായിട്ടു താൻ കൊടുക്കുന്നു "പരിശുദ്ധാത്മ വരങ്ങൾ" എന്നു ബൈബിളിൽ പ്രതിപാദിക്കുന്നത് ഇതുകൊണ്ടാണ് (അപ്പോ:പ്ര 2:38, 10:45, എബ്രായർ 2:4)

മേൽപറഞ്ഞ കാര്യങ്ങൾ പരിശോധിക്കുമ്പോൾ "പരിശുദ്ധാത്മാവ് ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്നു പ്രവാചകന്മാർ പറയുന്നത് തങ്ങളുടെ സ്വന്തവാക്കുകളല്ല എന്നു മനസ്സിലാക്കുവാൻ വേണ്ടിയാണ്. ഭാവിയിൽ നടക്കുവാൻ പോകുന്ന കാര്യങ്ങളെ വെളിപ്പെടുത്തിയതും അത്ഭുതങ്ങൾ പ്രവൃത്തിച്ചതും എല്ലാം ദൈവത്തിന്റെ ഈ ശക്തിയാണ്. അഗബോസ് എന്ന പ്രവാചകന്റെ വാക്കുകളും ഇപ്രകാരം തന്നെ.

### 7.ആശ്വാസ പ്രദൻ

പരിശുദ്ധാത്മാവിനെ ഒരു വ്യക്തി എന്ന രീതിയിൽ കാണുന്ന ഒരു ഭാഗംകൂടി ബൈബിളിൽ ഉണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ പരിശുദ്ധാത്മാവിനെ 'ആശ്വാസ പ്രദൻ' എന്ന് സംബോധന ചെയ്യുന്നു. "ഞാൻ നിങ്ങളോടുകൂടെ വസിക്കുമ്പോൾ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ [K.J.V - Comforter, N.K.J.V- Helper] നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും

ഞാൻ നിങ്ങളോടു പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും". (യോഹന്നാൻ 14:25–26)

ഈ വാക്യങ്ങളിൽ ആദ്യമായി നാം കാണുന്നത് പിതാവ് കാര്യസ്ഥനെ അയ്ക്കും എന്നു യേശുപറഞ്ഞു എന്നുള്ളതാണ്. ഇത് നാം മുൻപ് കണ്ട ഉദാഹരണങ്ങളിലെ ദൈവത്തിന്റെ ആത്മാവിനെ അല്ലെങ്കിൽ, ശക്തിയെ അല്ലെങ്കിൽ, ശ്വാസത്തെ അയക്കുന്നു എന്നുള്ള ശൈലിയോടു തുല്യമാണ്.

രണ്ടാമതായി, യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ശിഷ്യന്മാരെ താൻ പറഞ്ഞ വചനങ്ങൾ ഓർമ്മിപ്പിക്കുന്നതിനു വേണ്ടിയാണ് കാര്യസ്ഥനെ അയയ്ക്കുന്നത്. അവർ ഓർമ്മിക്കുന്നതിനായി സഹായകമായത് എന്താണ്? അത് ഒരു വ്യക്തി ആയിരിക്കുമോ അതോ തങ്ങളുടെ ഗുരുവിന്റെ വാക്കുകൾ അവരുടെ ഓർമ്മയിൽ കൊണ്ടുവരുന്നതിനും അങ്ങനെ അവരെ ആശ്വസിപ്പിക്കുന്നതിനും ദൈവം അയച്ച പരിശുദ്ധാത്മ ശക്തിയാണോ? യേശുക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റതിനു ശേഷം തന്റെ ശിഷ്യന്മാർക്ക് ആത്മാവിന്റെ ദാനങ്ങൾ ആണ് നല്കിയത്.

## പരിശുദ്ധാത്മാവിന്റെ വരങ്ങൾ

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം അവന്റെ ശിഷ്യന്മാർ യരുശലേമിൽ ഒന്നിച്ചുകൂടി "പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നും ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടുമുഴുവനും നിറെച്ചു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ ഓരോരുത്തന്റെ മേൽ പതിഞ്ഞു എല്ലാവരും പരിശുദ്ധാത്മവു നിറഞ്ഞവരായി അത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി" (അപ്പോ:പ്ര 2:2–4)

യേശു തന്റെ വാഗ്ദാനം നിറവേറ്റി ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നല്കി. മേൽപറഞ്ഞ സന്ദർഭത്തിൽ മറ്റു ഭാഷകളിൽ



സംസാരിക്കുവാൻ ഉള്ള കഴിവാണ് നല്കിയത്. റോമാ സാമ്രാജ്യത്തിലുള്ള സകല യഹൂദന്മാരും പെന്തക്കോസ്തു പെരുനാൾ ആഘോഷിക്കുന്നതിനായി യരുശലേമിൽ കൂടിവന്ന ദിവസം ആണ് ഈ പരിശുദ്ധാത്മ വ്യാപാരം ഉണ്ടായത്. "എല്ലാവരും ഭ്രമിച്ചു ആശ്ചര്യപ്പെട്ടു ഈ സംസാരിക്കുന്നവർ എല്ലാം ഗലീലിയക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്ത ഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നത് എങ്ങനെ?" (അപ്പോ:പ്ര.2:7–8) ദൈവത്തിന്റെ പരിശുദ്ധാത്മ ശക്തി കൃത്യ സമയത്ത് മറ്റു ഭാഷകളിൽ സംസാരിക്കുവാൻ അവർക്ക് അതിശയകരമായ കഴിവ് നല്കി, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെക്കുറിച്ചുള്ള സദ്വാർത്ത ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും ഉള്ള അനേകം ആളുകൾ കേൾകുവാൻ ഇടയയി.

ശിഷ്യന്മാർക്ക് മറ്റു കഴിവുകളും നല്കപ്പെട്ടു. കൊരിന്ത്യയിലെ വിശ്വാസികൾക്ക് കത്തെഴുതുമ്പോൾ അപ്പോസ്തലനായ പൗലോസ് വിവിധ വരങ്ങളെക്കുറിച്ച് എഴുതുന്നു, "എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്; ആത്മാവു ഒന്നത്രേ, ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ടു; കർത്താവു ഒരുവൻ. വീര്യ പ്രവൃത്തികളിൽ വ്യത്യാസം ഉണ്ടു; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ, എന്നാൽ ഓരോരുത്തന്നു ആത്മാവിന്റെ പ്രകാശനം പൊതു പ്രയോജനത്തിന്നായി നല്കപ്പെടുന്നു. ഒരുത്തന്നു ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തന്നു അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നല്കപ്പെടുന്നു; വേറൊരുത്തനു അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരുത്തന്നു അതേ ആത്മാവിനാൽ രോഗശാന്തികളുടെ വരം; മറ്റൊരുവന്നു വീര്യപ്രവൃത്തികൾ; മറ്റൊരുവന്നു പ്രവചനം; മറ്റൊരുവന്നു ആത്മാക്കളുടെ വിവേചനം; വേറൊരുവന്നു പലവിധ ഭാഷകൾ; മറ്റൊരുവന്നു ഭാഷകളുടെ വ്യാഖാനം. എന്നാൽ ഇതു എല്ലാം പ്രവർത്തിക്കുന്നതു താൻ ഇച്ഛിക്കുന്നതുപോലെ അവനവനു അതതുവരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവു തന്നെ." (1കൊരി. 12:4–11)

വിവിധ വരങ്ങളിൽക്കൂടി ദൈവത്തിന്റെ പരിശുദ്ധാത്മ വരത്തിന്റെ ശക്തി കാണിച്ചുകൊടുക്കപ്പെട്ടു. യഥാർത്ഥത്തിൽ പരിശുദ്ധാത്മാവ് ശക്തിയായിരുന്നു, സുവിശേഷം മുഖാന്തരം മനുഷ്യജാതിയെ ദൈവത്തിങ്കലേക്കു അടുപ്പിക്കുവാൻ ദൈവം അയയച്ച ശക്തി. അതുപോലെ ആദിമ ക്രിസ്തീയ സഭകളെ വിശ്വാസത്തിൽ ഒന്നിച്ച് കൂട്ടിച്ചേർക്കുവാൻ ദൈവം ഉപയോഗിച്ച ശക്തി. പൗലോസിന്റെ മറ്റൊരു ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു. “എന്നാൽ പ്രത്യാശ നല്കുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറയ്ക്കുമാറാകട്ടെ.” (റോമർ.15:13) പരിശുദ്ധാത്മാവിനെ ആശ്വാസപ്രദൻ (Comforter) എന്ന് യേശു വിളിക്കുവാനുള്ള കാരണം മേൽപറഞ്ഞ വാക്യത്തിൽ നിന്നും നമുക്ക് മനസ്സിലാകും, വരുവാനുള്ള ദൈവ രാജ്യത്തിലെ ഭാഗ്യകരമായ ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ വർദ്ധിപ്പിക്കുവാൻ ഇതു സഹായിച്ചു. (അപ്പോ:പ്ര.28:30–31)

പരിശുദ്ധാത്മാവ് ആശ്വസിപ്പിക്കുന്നവനും യേശുവിന്റെ അപ്പൊസ്തലന്മാരുടെ സത്യ സുവിശേഷ പ്രഘോഷണത്തിന് ഒരു സാക്ഷിയുമായിരുന്നു. ദൈവം അവരോടുകൂടെ ഉണ്ടായിരുന്നു എന്ന വാസ്തവത്തെ ഉറപ്പിക്കുന്നതിനായി ശിഷ്യന്മാർക്ക് ആത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള ശക്തി നല്കപ്പെട്ടു. ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തീയ വിശ്വാസം പെട്ടെന്ന് പടരുവാൻ ഉണ്ടായ പ്രധാന കാരണം ഇതാണ്. മേൽപറഞ്ഞ വാക്യത്തിനു ശേഷം പൗലോസ് ഇതിനെകുറിച്ച് വീണ്ടും പറയുന്നത് ഇപ്രകാരമാണ്.

“ക്രിസ്തുവിൽ എനിക്ക് ദൈവ സംബന്ധമായി പ്രശംസ ഉണ്ട് അങ്ങനെ ഞാൻ യരുശലേം മുതൽ ഇല്ലുരിയാ ദേശത്തോളം ചുറ്റി സഞ്ചരിച്ചു ക്രിസ്തുവിന്റെ സുവിശേഷ ഘോഷണം പൂരിപ്പിച്ചിരിക്കുന്നു. (റോമർ 15:17–19)



തന്റെ ഉദ്ദേശം നിറവേറ്റുന്നതിനായി ദൈവം പരിശുദ്ധാത്മാവിനെ ഉപയോഗിക്കുകയാണ്. തങ്ങൾക്ക് ലഭിച്ച സദ്വാർത്തയിൽ മനസ്സുവയ്ക്കുന്നവരെ രക്ഷിക്കുവാനും കൂടിയാണ് ദൈവം ഇവിടെ പരിശുദ്ധാത്മാവിനെ ഉപയോഗിച്ചത്.

“മഴയും, ഹിമവും ആകാശത്തുനിന്നു പെയ്യുകയും അവിടേക്കു മടങ്ങാതെ വിതപ്പാൻ വിത്തും, തിന്മാൻ ആഹാരവും നല്കത്തക്ക വണ്ണം ഭൂമിയെ നനെച്ചു ഫലവത്തായി വിളയിക്കുന്നതുപോലെ എന്റെ വചനം ആയിരിക്കും. അതു വെറുതേ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്ക് ഇഷ്ടമുള്ളതു നിവർത്തിക്കുകയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യു.” (യെശയ്യാവ് 55:10–11)

ഈ പറഞ്ഞ പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണോ? അല്ല, ഒരിക്കലുമല്ലാ അത് അപ്പോൾ എന്നതു പോലെ ഇപ്പോഴും ഭൂമിയിൽ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുന്നതിനു വേണ്ടി താൻ അയക്കുന്ന ശക്തിയാണ്.

## പരിശുദ്ധാത്മാവ് ഉള്ളതു രക്ഷയ്ക്കൊരു ഉറപ്പാണോ?

പരിശുദ്ധാത്മാവ് ലഭിച്ച ഒരു വ്യക്തിയോ സമൂഹമോ എല്ലാ സത്യത്തിലേക്കും നയിക്കപ്പെടുമെന്നും ദൈവവചന വായനയും പഠനവും രണ്ടാം സ്ഥാനത്തു മാത്രമേ വരുന്നുള്ളു എന്നും പഠിപ്പിക്കുന്ന ക്രിസ്തീയ വിഭാഗങ്ങൾ ഉണ്ട്, ഇത് ശരിയാണോ, ഏതെങ്കിലും ഒരു പരിശുദ്ധാത്മവരം ഉള്ളത് ഒരാളുടെ രക്ഷക്ക് ഉറപ്പു തരുന്നുണ്ടോ? എന്നാൽ സത്യം നേരെ മറിച്ചാണ്, ദൈവത്തിങ്കൽ നിന്ന് പരിശുദ്ധാത്മ വരങ്ങളും ശക്തിയും പ്രാപിച്ചവർ വീണുപോകാൻ സാദ്ധ്യതയുണ്ടെന്നും അനുതപിച്ചു തിരിച്ചു വരുവാൻ വഴികാണാതെ നഷ്ടപ്പെടുമെന്നും ബൈബിൾ പ്രത്യേകമായി എടുത്തുപറയുന്നു.

“ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയദാനം ആസ്വദിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനവും

വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്തവർ പിന്മാറിപ്പോയാൽ തങ്ങൾക്കു തന്നേ ദൈവ പുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആക കൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല.'' (എബ്രായർ 6:4–6)

മേൽ പറഞ്ഞത് വളരെ പ്രധാനപ്പെട്ടതും ഭയമുളവാക്കുന്നതുമായ വാക്കുകളാണ്, പരിശുദ്ധാത്മ വരങ്ങൾ ഒരു ക്രിസ്ത്യാനിയെ സ്വാഭാവികമായി ദൈവത്തിന്റെ വഴിയിൽ നയിക്കുകയോ, സത്യത്തിന്റെ പാതയിൽ നിലനിർത്തുകയോ ചെയ്യുകയില്ല. ദൈവത്തിന്റെ ആത്മവരങ്ങൾ അതിന്റെ സ്ഥാനത്ത് ഉപയോഗിക്കാതെ ദുരുപയോഗപ്പെടുത്തിയ ഒരുകൂട്ടം ആളുകൾക്ക് അപ്പൊസ്തലനായ പൗലോസ് കത്തെഴുതിയതായി കാണുന്നു. (1കൊരിന്ത്യർ 14:12–19) സത്യപാതയിൽ ഒരു വിശ്വാസിയെ നിലനിർത്തുവാൻ പരിശുദ്ധാത്മാവ് മാത്രം പോരാ.

## രക്ഷപ്രാപിക്കുവാൻ ഞങ്ങൾ എന്തുചെയ്യണം?

പൗലോസും ശീലാസും ഒന്നിച്ചു ചെയ്ത പ്രേക്ഷിത പ്രവർത്തന യാത്രയ്ക്കിടയിൽ സുവിശേഷംകേട്ട കുറെ യഹൂദന്മാർ ഉണ്ടായിരുന്നു. ഇവർ യഹൂദന്മാരുടെ തിരുവെഴുത്തുകളായ പഴയനിയമത്തിൽ അല്പം പ്രാവീണ്യമുള്ളവരും ആയിരുന്നു.

മുമ്പ് അവർ മനസ്സിലാക്കിയിരുന്നതിൽ നിന്നും വ്യത്യസ്ഥമായിരുന്നു പൗലോസ് പ്രസംഗിച്ച സുവിശേഷം. പൗലോസും ഒരു യഹൂദനായിരുന്നതിനാൽ അവർ പരിചയിച്ചിരുന്ന അതേ തിരുവെഴുത്തുകൾ തന്നെയായിരുന്നു പൗലോസും വായിച്ചത്. യേശുതന്നെയാണ് യഹൂദന്മാർ കാത്തിരുന്ന മശിഹയെന്ന് തിരുവെഴുത്തുകളിൽ നിന്നും പൗലോസ് തെളിയിച്ചുകൊടുത്തു.

ബെരോവ എന്ന പട്ടണത്തിലായിരുന്നു ഈ യഹൂദന്മാർ താമസിച്ചിരുന്നത് തെസ്സലോനിക്യയിലെ യഹൂദന്മാർ പൗലോസിനെ



നിരസിച്ച് ജീവാപായം വരുത്തുവാൻ ശ്രമിച്ചവരായിരുന്നു അവിടെ നിന്നാണ് പൗലോസ് ബെരോവയിലേക്കു വന്നത്.

''അങ്ങനെ സഹോദരന്മാർ പൗലോസിനെയും ശീലോസിനേയും ബെരോവയ്ക്കും പറഞ്ഞയച്ചു... (അപ്പ: പ്ര.17:10–21)

സുവിശേഷത്തിൽ വിശ്വസിക്കത്തക്കവിധം അവരുടെ ജീവിതത്തിൽ എന്തു വ്യത്യാസമാണ് ഉണ്ടായത്? അവർ പൗലോസിനെയും ശീലാസിനെയും കേൾക്കുകയും അതങ്ങനെ തന്നയോ എന്ന് തിരുവെഴുത്തുകളിൽ ക്രമമായി പരിശോധിക്കുകയും ചെയ്തുകൊണ്ടിരുന്നു.

പരിശുദ്ധാത്മാവു ഉണ്ടായിരിക്കുന്നതു കൊണ്ടുമാത്രം രക്ഷ പ്രാപിക്കുവാൻ സാദ്ധ്യമല്ല. ദൈവരാജ്യത്തിന്റെ സുവിശേഷത്തിൽ വിശ്വസിച്ച്, യേശു ക്രിസ്തുവിന്റെ കല്പന പ്രകാരവും ക്രിസ്തു ശിഷ്യന്മാർ ആചരിച്ച പ്രകാരവും സ്നാനപ്പെടുക എന്നതാണ് രക്ഷയ്ക്കായുള്ള ഏക മാർഗ്ഗം (അപ്പ: പ്ര 19:8, 28:23, മർക്കോസ് 16:15 –16, അപ്പ: പ്ര2: 38–41,. 9:18,. 10:47–48 16:15–33,. 18:8,.19:5,. 22:16.)

## പര്യവസാനം

പരിശുദ്ധാത്മാവെന്നത് ദൈവത്തിന്റെ ശ്വാസമാണ്, മനുഷ്യരെക്കുറിച്ചുള്ള അവിടുത്തെ ഉദ്ദേശം നിറവേറ്റുന്നതിനുള്ള തന്റെ ശക്തിയാണത്, യേശു ക്രിസ്തുവിന്റെ അത്ഭുത ജനനം ഉൾപ്പെടെ അനേക കാര്യങ്ങൾ ചെയ്യുന്നതിനായി ദൈവത്തിന്റെ ആ ശക്തിയാണു പ്രവർത്തിച്ചത്, ദൈവ വചനം രേഖപ്പെടുത്തിയ പ്രവാചകന്മാർ: അപ്പൊസ്തലന്മാർ എന്നിവർ ഉൾപ്പെടെ അനേക ദാസന്മാർക്കു ദൈവം പരിശുദ്ധാത്മാവിനെ ഒരു പ്രത്യേക ദാനമായി നല്കി, എല്ലാറ്റിനുമുപരിയായി അനേകരെ സൗഖ്യമാക്കുന്നതിനും മരണാവസ്ഥയിൽ നിന്നുമുയിർപ്പിക്കുന്നതിനും അനേക വൻകാര്യങ്ങളെ ചെയ്യുന്നതിനുമായി യേശുവിനുതന്നെ മത്തായി 12:28 ൽ പറയും പോലെ ദൈവം തന്റെ പരിശുദ്ധാത്മാവിനെ നല്കി.

ദൈവം ആദിമ നൂറ്റാണ്ടിലെ വിശ്വാസികൾക്ക് പരിശുദ്ധാത്മ ശക്തി നല്കി എങ്കിലും അതു മാത്രം അവരുടെ രക്ഷയ്ക്ക് മതിയാകുമായിരുന്നില്ല. ജനങ്ങൾ ദൈവരാജ്യത്തിന്റെ സുവിശേഷവും യേശു ക്രിസ്തുവിന്റെ നാമവും മനസ്സിലാക്കുകയും വിശ്വസിക്കുകയും തങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ജലത്തിൽ സ്നാനപ്പെടുകയും ചെയ്യേണ്ടതാവശ്യമായിരുന്നു.

നിങ്ങൾ നിങ്ങളുടെ ബൈബിളിൽ ഇതു വായിച്ച് ഇത് അങ്ങനെ തന്നെയോ എന്നു ബോദ്ധ്യം വരുത്തുക.

**മൈക്ക് ബുൾ**



## ചോദ്യങ്ങൾ

1. "ആത്മാവ്" എന്ന വാക്കിന്റെ മൂലാർത്ഥം എന്ത്?
2. മേൽപറഞ്ഞ വാക്കിന്റെ മറ്റർത്ഥങ്ങളെന്തെക്കയാണ്?
3. ദൈവം തന്റെ ആത്മാവിനെ ഉപയോഗിക്കുന്നതിനു മൂന്ന് ഉദാഹരണങ്ങൾ കാണിക്കുക
4. ക്രിസ്തു പരിശുദ്ധാത്മ ശക്തിയോടുകൂടെ പ്രവർത്തിക്കുന്നതിന് ഒരു ഉദാഹരണം എഴുതുക
5. ദൈവാത്മാവിനെ "അവൻ" എന്നോ "അത്" എന്നോ വിളിക്കാമോ?
6. എഫേസ്യ ലേഖനം 4:30 വിവരിക്കുക
7. കാര്യസ്ഥൻ (ആശ്വാസ പ്രദൻ) എന്തായിരുന്നു?
8. പരിശുദ്ധാത്മാവ് രക്ഷ ഉറപ്പുവരുത്തുമോ?
9. എട്ടാമത്തെ ചോദ്യത്തിന്റെ ഉത്തരത്തിനെ അനുകൂലിക്കുന്ന വേദവാക്യം കണ്ടപിടിക്കുക.
10. സത്യവേദപുസ്തകത്തിന് ആത്മാവുമായുള്ള ബന്ധമെന്താണ്?

*Please write to the address below for*
***# Free monthly Bible magazine***
***# Bible correspondence course***
***# Details of local Bible seminars***

For Kerala, Tamil Nadu, and Karnataka:
**The Christadelphians, P.O. Box 535,**
**Frazer Town, Bangalore 560 005, India**

Elsewhere:

**The Christadelphians**
GPO. Box 159
Hyderabad AP 500 001
India





Blank Page